# Each One Teach One

# ഗുണഭോക്താക്കളായ വിദ്യാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. Each One Teach One (EOTO) എന്ന സംഘടനയിലൂടെയാണ് താങ്കൾക്ക് വിദ്യാഭ്യാസ സഹായം ഒരുക്കിയിരിക്കുന്നത്. ഈ സംഘടന നേരിട്ട് ഒരുതരത്തിലുമുള്ള പണമിടപാട് നടത്തുന്നില്ല. വിദ്യാഭ്യാസ സഹായത്തിന് അർഹതയുള്ള വിദ്യാർത്ഥികളെ സഹായമനസ്കരായ സ്പോൺസർമാരുമായി ബന്ധപ്പെടുത്തുക എന്നതുമാത്രമാണ് ഈ സംഘടനയുടെ ദൗത്യം. വിദ്യാഭ്യാസ സഹായധനം നൽകുന്നത് സ്പോൺസർ നേരിട്ടായിരിക്കും.

2. സ്പോൺസർഷിപ് സംബന്ധിച്ച് യാതൊരുതരത്തിലുമുള്ള ഗ്യാരൻ്റി EOTO നൽകുന്നതല്ല. ഏതെങ്കിലും സാഹചര്യത്തിൽ സഹായം തുടരാൻ കഴിയില്ല എന്ന് സ്പോൺസർ അറിയിക്കുന്നപക്ഷം മറ്റൊരു സ്പോൺസറെ ബന്ധപ്പെടാൻ EOTO ശ്രമിക്കുന്നതാണ്. എന്നാൽ യാതൊരു ഉറപ്പും ഇക്കാര്യത്തിൽ നല്കാനാവില്ല.

3. സ്പോൺസർഷിപ് തുക നിശ്ചയിക്കുന്നത് EOTO ആയിരിക്കും. തുക സംബന്ധിച്ച് യാതൊരു വിലപേശലും സ്പോൺസറുമായി നടത്താൻ പാടുള്ളതല്ല. താൽക്കാലിക ആവശ്യങ്ങൾക്കായി കൂടുതൽ തുക ആവശ്യപ്പെടുക, പണമല്ലാതെ മറ്റ് പാരിതോഷികങ്ങളോ സഹായങ്ങളോ ആവശ്യപ്പെടുക, വിദ്യാഭാസ സംബന്ധിയല്ലാത്ത ചെലവുകൾക്കായി തുക ആവശ്യപ്പെടുക തുടങ്ങിയ പ്രവണതകൾ ഒരുകാരണവശാലും അനുവദിക്കുന്നതല്ല.

4. പഠനവുമായി ബന്ധപ്പെട്ട് കൂടുതൽ പണത്തിന് എന്തെങ്കിലും അത്യാവശ്യമുണ്ടായാൽ അത് EOTO റിവ്യൂ ഡെസ്കിൽ നിന്നും ബന്ധപ്പെടുന്ന വ്യക്തിയോട് അറിയിക്കാവുന്നതാണ് ന്യായമെന്ന് ബോധ്യപ്പെടുന്ന പക്ഷം മാത്രമായിരിക്കും അത്തരം ആവശ്യങ്ങൾ പരിഗണിക്കപ്പെടുക.

5. പ്ലസ് ടു വരെയുള്ളത് പ്രാഥമികവിദ്യാഭ്യാസം എന്ന പരിഗണനയിൽ സാമ്പത്തിക ബുദ്ധിമുട്ട് മാത്രം പരിഗണിച്ചാണ് സ്പോൺസർഷിപ് നൽകുന്നത്. എന്നിരുന്നാലും പഠനകാര്യത്തിൽ കുട്ടി തികഞ്ഞ ആത്മാർത്ഥത പുലർത്തുന്നു എന്ന് കൃത്യമായ ഇടവേളകളിൽ EOTO ഉറപ്പുവരുത്തുന്നതായിരിക്കും. ഏതു ഘട്ടത്തിലും പഠനമികവ് സംബന്ധിച്ച രേഖകൾ ആവശ്യപ്പെടാൻ EOTOക്ക് അവകാശമുണ്ടായിരിക്കും

6. സാമ്പത്തിക പരാധീനതയ്ക്കൊപ്പം മുൻ ക്ലാസുകളിലെ പഠനത്തിലെ മികവുകൂടി പരിഗണിച്ചാണ് ബിരുദ-ബിരുദാനന്തരബിരുദ തലത്തിലേക്കുള്ള വിദ്യാഭ്യാസ സഹായം അനുവദിക്കുക. അങ്ങനെ സഹായം ലഭിക്കുന്ന വിദ്യാർത്ഥി/ വിദ്യാർത്ഥിനി പഠനത്തിൽ കൃത്യമായും തുടർച്ചയായും മികവ് പുലർത്തുന്നു എന്ന് EOTO ഉറപ്പുവരുത്തുന്നതാണ്. ഓരോ സെമെസ്റ്റർ/ വർഷം കഴിയുമ്പോഴും പഠനമികവ് സംബന്ധിച്ച് രേഖാമൂലം EOTO യെ അറിയിക്കേണ്ടതാണ്. പഠനത്തിൽ പിന്നാക്കം പോകുന്ന സാഹചര്യമുണ്ടായാൽ സ്പോൺസർഷിപ് നിരുപാധികം അവസാനിപ്പിക്കുന്നതിന് EOTO ക്ക് അവകാശമുണ്ടായിരിക്കും.

7. യാതൊരു പ്രതിഫലേച്ഛയുമില്ലാതെ തനിക്ക് പഠന ധനസഹായം നൽകുന്ന വ്യക്തിയോടും അദ്ദേഹമുൾപ്പെടുന്ന സമൂഹത്തോടും കൃതജ്ഞതാമനോഭാവം (Sense of Gratitude) പുലർത്തേണ്ടത് കുട്ടിയുടെ കടമയാണ്.

8. സ്പോൺസറുടെ ഭാഗത്തുനിന്ന് ഉചിതമല്ലാത്ത എന്തെങ്കിലും പെരുമാറ്റമോ പ്രതികരണമോ ഉണ്ടാകുന്നപക്ഷം EOTO റിവ്യൂ ഡെസ്കിനെ എത്രയും വേഗം അറിയിക്കേണ്ടതാണ്.

| | |
|---|---|
| **വിദ്യാർത്ഥി** | **രക്ഷാകർത്താവ്** |
| പേര്: | പേര്: |
| ഒപ്പ്: | ഒപ്പ്: |
| തീയതി: | |